"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കായക്കൊടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. അർജ്ജുൻ പി. ടി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.913/2025/LSGD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:-

1. 14.01.2019 ലെ സ ഉ (കൈ) നം.7/2019/ത സ്വ ഭ വ നമ്പർ സർക്കാർ ഉത്തരവ്
2. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.03.2019ലെ A1-200/2017(3) നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 12.12.2023ലെ LSGD/JD/KKD/1523/2023-A6 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 04.01.2024ലെ LSGD/JD/KKD/7378/2023-A6 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.01.2025-ലെ LSGD/PD/41627/2024-DEC4 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. അർജ്ജുൻ പി ടി -യുടെ നിരീക്ഷണകാലം 25.03.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീ. അർജ്ജുൻ പി.ടി -യെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മുൻപഞ്ചായത്ത് വകുപ്പിലേക്ക് നിയമിച്ച് കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായതിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെ കോഴിക്കോട് ജില്ലയിൽ വേളം ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിയമിച്ചുവെന്നും 25/03/2019 -ന് സേവനത്തിൽ പ്രവേശിച്ച ശ്രീ. അർജ്ജുൻ പി.ടി നിലവിൽ കായക്കൊടി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ജോലി ചെയ്തു വരുന്നുവെന്നും പരാമർശം (3) പ്രകാരം ടിയാളുടെ സേവനം 25/03/2019 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ടെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ആവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് പരാമർശം (4) പ്രകാരം 25/03/2021 മുതൽ 24/03/2022 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ശ്രീ. അർജ്ജുൻ പി.ടി SLI, GIS എന്നിവയിൽ അംഗത്വമെടുക്കുകയും 22/11/2022 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. അർജ്ജുൻ പി.ടി - യുടെ പ്രൊബേഷൻ ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 22.11.2022 ന്റെ തൊട്ടടുത്ത ദിവസമായ 23.11.2022 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ്, ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 25.03.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോഴിക്കോട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,കായക്കൊടി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.അർജ്ജുൻ പി ടി , ക്ലർക്ക് , കായക്കൊടി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.14/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 07-04-2025 18:01:07
സെക്ഷൻ ഓഫീസർ